LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷൻ കേരള മിഷൻ പ്രോജക്ട് റിപ്പോർട്ട്

93 (4528) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷൻ രൂപീകരിച്ചത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടിലെ വിശദാംശം നൽകുമോ ;

(ബി) എത്രകാലത്തിനുള്ളിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും കമ്പ്യൂട്ടർവഴി ബന്ധിക്കുവാനാണ് വിഭാവന ചെയ്തിരുന്നത് ;

(സി) ഇതുവരെ എത്ര തദ്ദേശഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർവഴി പഞ്ചായത്ത്/മുനിസിപ്പൽ ഡയറക്ടറേറ്റ് ബന്ധപ്പെട്ട ജില്ലാ ഓഫീസ്, സെക്രട്ടേറിയറ്റ് എന്നിവയുമായി ബന്ധിപ്പിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) BOLT സംവിധാനപ്രകാരം ഒരു വർഷത്തിനുള്ളിൽ കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുവാനും സോഫ്റ്റ് വെയറുകളുടെ വിന്യാസം പൂർത്തിയാക്കാനും ഉദ്ദേശിക്കുന്നു.

(സി) ഇതുവരെ ഒരു തദ്ദേശഭരണ സ്ഥാപനത്തേയും കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിച്ചിട്ടില്ല.

ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനത്തെപ്പറ്റി വിലയിരുത്താൻ നടപടി

94 (4529) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റ് മാറിയപ്പോൾ ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനത്തെ വിലയിരുത്തിയോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഇനിയെങ്കിലും ഈ മിഷന്റെ പ്രവർത്തനത്തെപ്പറ്റി വിലയിരുത്തുമോ ;

---

† അനുബന്ധം - IX

അനുബന്ധം IX

[30-7-2003-ലെ 93(4528)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

1. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും സംസ്ഥാന പ്ലാനിംഗ് ബോർഡ്, ജില്ലാ പ്ലാനിംഗ് ഓഫീസുകൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംസ്ഥാന, പ്രാദേശിക, ജില്ലാതല ഓഫീസുകൾ എന്നിവയേയും പരസ്പരം ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുക.

2. കമ്പ്യൂട്ടർ ശൃംഖലവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിലക്ഷ്യങ്ങൾ ക്രമമായി മോണിട്ടർ ചെയ്യാനുള്ള സംവിധാനം ആവിഷ്കരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയുക്തമായ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം രൂപീകരിക്കുകയും ചെയ്യുക.

3. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ്, ഫിനാൻസ്, പൊതുജനസേവനങ്ങൾ, പർച്ചേസ്, വർക്സ് എന്നിവ കമ്പ്യൂട്ടർവത്ക്കരിക്കുകയും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുജനബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുക. ഇതിലൂടെ പൊതു ജനസേവന സംവിധാനത്തിലെ അക്കൗണ്ടബിലിറ്റി, സുതാര്യത, കാര്യക്ഷമത എന്നിവ ഗണ്യമായി വർദ്ധിപ്പിക്കുകയും സാമൂഹിക സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യുക.

4. സാർത്ഥകമായ വികേന്ദ്രീകൃതാസൂത്രണത്തിനു സഹായകമായ വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സൂക്ഷ്മതല വിഭവങ്ങളുടെ സമഗ്രമായ വിവരവ്യൂഹത്തിലധിഷ്ഠിതമായ വികസന വിവര സംവിധാനം (Development Information System) വികസിപ്പിക്കുക.

5. ഹാർഡ് വെയറും, സോഫ്റ്റ് വെയറും പ്രവർത്തിപ്പിക്കാനും കമ്പ്യൂട്ടർ സംവിധാനം കൈകാര്യം ചെയ്യാനുമുള്ള മനുഷ്യവിഭവശേഷി വികസിപ്പിക്കുക.

6. കമ്പ്യൂട്ടർശൃംഖല സാങ്കേതികത്തകരാറുകളില്ലാതെ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാനായി ജില്ലാതല-സംസ്ഥാനതല ഹെൽപ്പ് ഡെസ്ക്ക് സംവിധാനത്തിലൂടെ നിരന്തരമായ സാങ്കേതിക സഹായം ലഭ്യമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly